# 5

# ദൈവം സംസാരിക്കുമ്പോൾ

## (ഇയ്യോബ് 38:1– 42:6)

വലിയോരു മലയിടുക്ക് കപ്പോൾ, ഞാൻ അമ്പരന്നുപോയി. ആ മലയിടുക്കിന്റെ വക്കിൽ നിന്നപ്പോൾ, സൂര്യൻ അസ്ഥമിക്കയും "നീ എത്ര വലിയവൻ" എന്ന പാട്ട് പാടുകയും ചെയ്യുന്നതിനെ കുറിച്ച് ഞാൻ ചിന്തിച്ചുപോയി. ഞാൻ കിട്ടുള്ള മറ്റൊന്നിലും കാണാത്ത ദൈവത്തിന്റെ അപാരമായ ശക്തി ഞാൻ അവിടെ കു. ഉടനെ എന്റെ ആകാംക്ഷ ഉണർന്നു. അതിനെ കുറിച്ച് കൂടുതൽ അറിയുവാൻ ഞാൻ ആഗ്രഹിച്ചു. അതു തുറന്നു അതിനെ കുറിച്ച് വായിക്കുവാൻ താല്പര്യപ്പെട്ടു. എന്നെപോലെ തന്നെയായിരുന്നു അവിടെ സന്ദർശനം നടത്തിയ ദശലക്ഷക്കണക്കിനു ആളുകൾക്കും തോന്നിയത്. അനേകം ഭൂഗർഭ ശാസ്ത്രജ്ഞർ ആ മനോഹര മലയിടുക്കിനെ കുറിച്ച് ഗവേഷണം നടത്തുവാൻ ആയുഷ്ക്കാലം മുഴുവൻ ചെലവിട്ടിട്ട്, ചിലർ അതിനായി തങ്ങളുടെ ജീവനും കളഞ്ഞിട്ടു്. ഏതാനും വസ്തുതകൾ മനസിലാക്കുവാൻ കഴിഞ്ഞിട്ട്, എന്നാൽ വളരെ ഉത്തരങ്ങൾ ഊഹാപോഹങ്ങൾ മാത്രമാണ്. ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് "ആ മലയിടുക്കിന്റെ കാരണം?" ചോദിക്കേ ആവശ്യമില്ല. അതുാക്കിയത് ആരാണെന്ന് അവർക്ക് അറിയാം. അത് എങ്ങനെ ദൈവം ഉാക്കിയെന്ന് നാം ചിന്തിച്ചേക്കാം, പക്ഷെ അത് ഉാക്കിയത് ദൈവമാണെന്ന കാര്യത്തിൽ നമുക്ക് സംശയമില്ല.

ആഫ്രിക്കയിലെ, സിംബാബെയിലെ വിക്ടോറിയാ വെള്ളച്ചാട്ടത്തിൽ ആദ്യമായി പോയപ്പോഴും എനിക്ക് അത്ഭുതമുായി. ദശലക്ഷക്കണക്കിന് ഗ്യാലൻ വെള്ളം ഇടതടവില്ലാതെ 350 അടി താഴെയുള്ള "തിളക്കുന്ന പാത്രത്തിലേക്ക്" ഒഴുകിക്കൊിരിക്കുന്നു. നാം ഇയ്യോബിന്റെ പുസ്തകത്തിന്റെ അവസാനഭാഗത്ത് എത്തുമ്പോൾ, എനിക്ക് അതേ രീതിയിലുള്ള അമ്പരപ്പാണുാകുന്നത്. ചുഴലിക്കാറ്റിൽ ദൈവം ഇയ്യോബിനോട് സംസാരിച്ച ശബ്ദം അവസാന അഞ്ചു അദ്ധ്യായങ്ങളിൽ കേൾക്കാം. തന്നോട് ഉത്തരം പറവാൻ ഇയ്യോബ് ദൈവത്തെ വെല്ലുവിളിച്ചു. പകരം, ദൈവം അവനെ ചോദ്യം ചെയ്തു. അവൻ ഇയ്യോബിനോട് എൺപതിലധികം ചോദ്യങ്ങൾ ചോദിക്കുകയും, അവനു ഉത്തരം നല്കുവാൻ കഴിയുമായിരുന്നാൽ പോലും അതിനു സമയം ലഭിക്കാത്തത്ര വേഗതയിലായിരുന്നു ചോദ്യങ്ങൾ.

### ഇയ്യോബിനെ എതിർ-വിസ്താരം നടത്തി (38-41)

ദൈവം ഇയ്യോബിനോട് പറഞ്ഞു, "നീ പുരുഷനെ പോലെ അര മുറിക്കിക്കൊൾക, ഞാൻ നിന്നോട് ചോദിക്കും, എന്നോട് ഉത്തരം പറക!" (38:3). നമ്മെ കുറിച്ച് നിരീക്ഷിക്കാവുന്ന പ്രകൃതിയിലുാകുന്ന അത്ഭുതപ്രതിഭാസവും ചോദ്യങ്ങളിൽ അടങ്ങിയിട്ടുായിരുന്നു, എങ്കിലും അതു നമ്മുടെ മനസിലാക്കലിനുമപ്പുറമായിരുന്നു. അവയിലെല്ലാം ദൈവം ഒരു മുഖ്യപോയിന്റ് നമ്മെ മനസിലാക്കിത്തരുന്നു. നമ്മെക്കുറിച്ച് ദൈവം ലോകത്തിൽ പ്രവർത്തിക്കു

ന്നതു നമുക്ക് മനസിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ, ആത്മിയ ഗോളത്തിൽ ദൈവം പ്രവർത്തിക്കുന്നത് എങ്ങനെ നമുക്ക് മനസിലാക്കുവാൻ കഴിയും? ദൈവത്തിന്റെ ചോദ്യങ്ങളിലെല്ലാം സൂചിപ്പിക്കപ്പെട്ട ചോദ്യം, "ദൈവത്തെ ചോദ്യം ചെയ്യുവാൻ മനുഷ്യൻ ആർ?"

ദൈവം ഇയ്യോബിനോട് ചോദിച്ചു, "ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെ ആയിരുന്നു?" (38:4). ഭൂമിക്ക് പദ്ധതി തയ്യാറാക്കി, വിരിച്ചതാർ? ഭൂമിയെ അതിന്റെ ഭ്രമണപഥത്തിലുറപ്പിച്ചതാർ? അതിനെ അച്ചുതിൽ കറങ്ങു മാറാക്കിയത് ആർ? സാവധാനത്തിലുള്ള പ്രപഞ്ചത്തിന്റെ മുന്നോട്ടുള്ളചലനം സൂചിപ്പിക്കുന്നത് ബുദ്ധിമാനായ ഒരു രൂപകല്പന നടത്തിയ വ്യക്തിയെയാണ്. ഒരു പ്രസിൽ പൊട്ടിത്തെറിയുായതിന്റെ ഫലമായി മനോഹരമായ ഒരു പുസ്തകം ഉായി എന്നു പറയുന്നതുപോലെ ആയിരിക്കും ഈ ഭൂമിയും പ്രപഞ്ചവും പൊട്ടിത്തെറിയാലുായി എന്നു പറയുന്നത്. ബുദ്ധിയോടെ രൂപപ്പെടുത്തിയ ഒരു വ്യക്തിയും നിർമ്മാതാവും അതിന് ആവശ്യമാണ്.

മേഘങ്ങളുടേയും സമുദ്രങ്ങളുടേയും നിർമ്മാതാവ് താനാണെന്ന് ദൈവം ഇയ്യോബിനോട് പറഞ്ഞു (38:9). അവൻ രാവും പകലും ഉാക്കി. അവൻ സമുദ്രത്തിന് അതിരുകൾ നിശ്ചയിച്ചു. സമുദ്രത്തിലെ വെള്ളത്തോട് അവൻ പറഞ്ഞു, "ഇത്രത്തോളം നിനക്കു വരാം, ഇതു കടക്കരുത്. ഇവിടെ നിന്റെ തിരമാലകളുടെ ഗർവ്വം നിലെക്കും എന്ന് കല്പിച്ചു" (38:11). അവൻ ഇയ്യോബിനോട് ചോദിച്ചു, "നീ പ്രഭാതത്തോട് എപ്പോഴെങ്കിലും കല്പിച്ചിട്ടുാ?" (38:12); "നീ സമുദ്രത്തിന്റെ ഉറവുകളോളം ചെന്നിട്ടുാ? ആഴിയുടെ ആഴത്തിൽ സഞ്ചരിച്ചിട്ടുാ?" (38:16).

ദൈവം പിന്നെയും ഇയ്യോബിനോട് ചോദിച്ചു. ഫലത്തിൽ, ദൈവം അവനോടു ചോദിച്ചു, "നീ എപ്പോഴെങ്കിലും ഹിമത്തിന്റേയും ആലിപ്പഴത്തിന്റെയും സംഭരണിയിൽ പ്രവേശിച്ചിട്ടുാ?" (38:22); "മഞ്ഞുതുള്ളികൾ എവിടെനിന്നു വരുന്നു?" (38:29, 30). "നിനക്ക് മഴയും, മിന്നലും, ഇടിയും ഉാക്കാമോ?" (38:26, 34–38). ദൈവം തന്റെ പ്രവൃത്തികളെ ഇയ്യോബിനു മനസിലാക്കി കൊടുപ്പാൻ സമുദ്രത്തിന്റെ അഗാധം തൊട്ട് ശൂന്യാകാശം വരെ കൊുപോയി. ഈ ഭൗതികമായ സൃഷ്ടികൾ എങ്ങനെയുായി എന്നും തുടർന്നും എങ്ങനെ നിലനിൽക്കുന്നു എന്നും ഇയ്യോബിനു മനസിലാകുന്നില്ലെങ്കിൽ, സംഭവിച്ചതെന്തുകൊാണെന്ന് അവന് എങ്ങനെ മനസിലാക്കുവാൻ കഴിയും? ആത്മിയഗോളത്തിലെ ദൈവത്തിന്റെ പ്രവൃത്തികളുടെ ഒരു ഭാഗം മാത്രമാണ് ഇയ്യോബിനു സംഭവിച്ചത്.

ഭൗതികലോകത്തിലെ അവന്റെ പ്രവൃത്തികൾ വിശദമാക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, അവന്റെ ആത്മീയ രൂപകല്പനകൾ നമുക്ക് എങ്ങനെ മനസിലാകും? ദൈവം ചില പ്രവൃത്തികൾ ചെയ്യുന്നതു എന്തുകൊാണെന്നും എങ്ങനെയാണെന്നും നമുക്ക് അറിയില്ല, എന്നാൽ അവൻ ഈ ലോകത്തെ ക്രമീകരിച്ചിരിക്കുന്നതിനും നമ്മുടെ ജീവിത്തിന് ഏറ്റവും നല്ലത് അവന് അറിയാം എന്നും നാം വിശ്വസിക്കണം. പ്രപഞ്ചം എങ്ങനെ പ്രവർത്തിക്കുമെന്നറിയുവാൻ ദൈവം അതു നമ്മെ ഏല്പിച്ചാൽ നാം നഷ്ടപ്പെടുന്നതുതന്നെയായിരിക്കും ഫലം. ഉദാഹരണത്തിന്, ദൈവം തന്റെ ശക്തി മാറ്റി നിർത്തിയിട്ട്, പ്രപഞ്ചത്തെ നിർത്തിയിട്ട് മനുഷ്യരോട്, "ഇതാ, നിങ്ങളെ ഏല്പ്പിക്കുന്നു, ഇനി നിങ്ങൾ പ്രവർത്തിപ്പിക്കുക" എന്നു പറയുന്നു എന്നു വിചാരിക്കുക. അതു വീും പ്രവർത്തിപ്പിക്കുന്നതിനു മതിയായ അറിവോ, മനസിലാക്കലോ

മനുഷ്യർക്ക് ഉായിരിക്കയില്ല.

ഈ പ്രപഞ്ചം പ്രവർത്തിപ്പിക്കുവാൻ ദൈവത്തിന് അറിയാമെങ്കിൽ, നമ്മുടെ ആത്മീയവും നിത്യവുമായ നന്മ ക്രമീകരിക്കുവാനും അവന് അറിയാം. നിങ്ങളുടെ ജീവിതം അവന്ന് കിട്ടട്ടെ, അപ്പോൾ അവന് അറിയാം എന്തു ചെയ്യണമെന്ന്. നിങ്ങളുടെ ജീവിതത്തിൽ അവൻ ചെയ്യുന്ന ചിലത് നിങ്ങൾക്ക് മനസിലാകുന്നില്ലെങ്കിൽ, അതു മാത്രമല്ല നിങ്ങൾക്ക് മനസിലാകാത്തത്. നമുക്ക് ആവശ്യം ദൈവത്തിന്റെ പ്രവൃത്തികൾ മനസിലാക്കുകയല്ല; നമുക്ക് ആവശ്യം ദൈവപ്രവൃത്തികളിലുള്ള വിശ്വാസമാണ്.

പിന്നെ, ദൈവം തന്റെ ശക്തിയും ജ്ഞാനവും ഇയ്യോബിന് വെളിപ്പെടുത്തിക്കൊടുപ്പാൻ അവന്റെ ശ്രദ്ധ മൃഗങ്ങളിലേക്ക് തിരിച്ചു. വന്യജന്തുക്കൾക്ക്, സഹജവാസന, ശക്തി, ആഹാരം എന്നിവ നൽകുന്നതാർ? സിംഹങ്ങൾക്ക് ഇര തേടിക്കൊടുക്കുന്നതും, സിംഹക്കുട്ടികളുടെ വിശപ്പടക്കുന്നതും ആർ? മലങ്കാക്കക്ക് ആഹാരം കൊടുക്കുന്നത് ആർ? (38:39-41). വനത്തിലെ കാട്ടാടുകൾക്ക് എപ്പോഴാണ് കുട്ടികളുാകുന്നത്? ഒരു പ്രായം വരെ മാൻകുട്ടികളെ അവയുടെ രക്ഷകർത്താക്കൾ അണച്ചുപിടിക്കയും പിന്നെ അവയെ സ്വതന്ത്രമായി വിട്ടയക്കുകയും ചെയ്യുന്നതെന്തുകൊ്? (39:1-4). കാട്ടുകഴുതയെ ഉാക്കിയതും അതിനു സ്വാതന്ത്ര്യം കൊടുത്തതും ആർ? കാട്ടുപോത്തിനെ ഉഴവിന്ന് മെരുക്കാത്തത് എന്തുകൊ്? (39:5-12). ദൈവത്തിന്റെ ചോദ്യങ്ങൾ നേരിട്ടപ്പോൾ മനുഷ്യന്റെ മനസിലാക്കൽ വളരെ കുറവാണെന്ന് ഇയ്യോബിന് മനസിലായി.

ദൈവം പിന്നെ ഒട്ടകപ്പക്ഷിയിലേക്ക് തിരിഞ്ഞു (39:13-18). മനുഷ്യരോ മൃഗങ്ങളോ ചവിട്ടി ഉടച്ചുകളയുന്ന മണലിൽ മുട്ടയിടുന്നതെന്തുകൊ്? തന്റെ കുഞ്ഞുങ്ങളെ തനിക്കുള്ളവയല്ല എന്നപോലെ അവയോട് കാഠിന്യം കാണിക്കുന്നതെന്തുകൊ്? ദൈവം ആ പക്ഷിയുടെ അറിവ് മറിച്ചുകളഞ്ഞു, എങ്കിലും അവക്ക് ആവശ്യമുള്ളതെല്ലാം നൽകുന്നു. ഏറ്റവും വേഗതയുള്ള കുതിരയെയും മറി കടക്കുവാനുള്ള വേഗത ഒട്ടകപ്പക്ഷിക്ക് ദൈവം നൽകിയിട്ട്.

കുതിരയെ കുറിച്ച് പറയുമ്പോൾ, അതിനു ശക്തിയും യുദ്ധം ചെയ്യുവാനുള്ള കഴിവും കൊടുത്തത് ആർ? (39:19-25). കഴുകൻ പറന്ന് പർവ്വതങ്ങളിൽ പോയി ഉയരത്തിൽ കൂട് വെക്കുന്നത് എന്തുകൊ്? ആ പക്ഷികൾക്ക് അത്രയും ദൂരെ നിന്ന് അവയുടെ ഇരയെ കാണത്തക്കവണ്ണം അവയുടെ കണ്ണുകൾക്ക് അത്രത്തോളം കാഴ്ച്ചശക്തി കൊടുത്തത് ആർ? മൃതശരീരങ്ങൾ എവിടെയാണെന്ന് കുപിടിക്കുവാനുള്ള സഹജവാസന അവക്ക് കൊടുത്തത് ആർ? (39:26-30). ദൈവം സൃഷ്ടിച്ച ജീവികൾക്ക് നമുക്ക് മനസിലാക്കുവാൻ കഴിയാത്ത ജന്മവാസനകൾ നൽകിയിരിക്കുന്നു.

ചോദ്യങ്ങൾ തുടർന്നപ്പോൾ, ദൈവം ഇയ്യോബിനോട് നദീഹയത്തെ പരിഗണിക്കുവാൻ ആവശ്യപ്പെട്ടു (അത് ഹിപ്പൊപ്പൊട്ടാമസ്, റൈനോസീറസ്, അല്ലെങ്കിൽ ആന-പോലെയുള്ള ജന്തുവായിരിക്കാം). അതു പോത്തിനെ പോലെ പുല്ല് തിന്നും, എന്നാൽ അതിന് വലിയ ശക്തിയാണുള്ളത്. അതിന്റെ അസ്ഥികൾ ഇരുമ്പ് കമ്പിപോലെ ആണിരിക്കുന്നത്. ദൈവത്തിന്റെ മൃഗങ്ങളിൽ വെച്ച് ഏറ്റവും ഭയാനകജീവിയാണ് അത്. അവൻ അലരിയിലകളുടെയും തോട്ടിലെ നീർമരുതിന്റെയും അടിയിലാണ് തണൽ കത്തെുന്നത്. പ്രായോഗികമായി ഒരു നദിയിലെ വെള്ളം മുഴുവൻ കുടിക്കുവാൻ കഴിവുള്ള ജന്തുവാണത്. ആർക്കും അതിന്റെ മൂക്കിൽ കയറിട്ട് വലിച്ചുകൊുപോകുവാൻ സാധ്യമല്ല. സർവ്വ-ശക്തനല്ലാതെ, ആർക്ക്, അത്തരം ഒരു മൃഗത്തെ ഉാക്കു

വാൻ കഴിയും? (40:15–24).

മഹാനക്രത്തെ കുറിച്ച് ചിന്തിക്കുവാൻ ഇയ്യോബിനോട് പറഞ്ഞു (തിമിംഗലം-പോലെയുള്ള ഒരു ജന്തു, ഒരുപക്ഷെ വംശനാശം സംഭവിച്ചിരിക്കാം). അദ്ധ്യായം 41-ൽ ഈ ഭയാനക ജലജന്തുവിനെ കുറിച്ച് വിവരിക്കുന്നു്. മറ്റു ജന്തുക്കളെപ്പോലെ ഇതിനും ശക്തിയു് എന്ന പോയിന്റാണ് നൽകുന്നത്. ആ ജന്തുക്കളുടെ മൃഗീയശക്തിയും ഭയാനകത്വവും നമ്മെ ഭയവിഹ്വലരാക്കുന്നതു നമ്മുടെ ചിന്തക്കപ്പുറമാണ്. സർവ്വശക്തിയുടേയും ഉറവിടമാണ് അവയെ ഉാക്കിയത്. സൃഷ്ടികളുടെ ശക്തി നമുക്ക് മനസിലാക്കുവാൻ കഴിയാത്തതാണെങ്കിൽ, തീർച്ചയായും, സൃഷ്ടികർത്താവിന്റെ ശക്തിയും നമുക്ക് മനസിലാക്കുവാൻ സാധ്യമല്ല.

ദൈവം ഇയ്യോബിനോട് ചോദിച്ചു, “മരണത്തിന്റെ വാതിലുകൾ നിനക്ക് വെളിപ്പെട്ടിട്ടുേ?” (38:17). ജീവിച്ചിരിക്കുന്നവരിൽ ആരെങ്കിലും മരണനിഴലിലൂടെ കടന്നു പോയിട്ടുേ? മരണത്തെ കുറിച്ച് നമുക്ക് യാക്കോബ് 2:26-ൽ വായിക്കാം: “ആത്മാവില്ലാത്ത ശരീരം നിർജീവമാണ് ...”. ആത്മാവിന്റെ ജീവൻ നൽകുവാൻ ദൈവത്തിന് മാത്രമെ കഴിയു (സഭാപ്രസംഗി 12:7). മരിക്കുമ്പോൾ, ആത്മാവ്, നൽകിയ ദൈവത്തിലേക്ക് മടങ്ങിപോകുന്നു. ഈ വസ്തുതകളെല്ലാം നമുക്കറിയാം, എന്നാൽ അറിയുന്നതും മനസിലാക്കുന്നതും രും രാണ്!

അവൻ ഇയ്യോബിനോട് ചോദിച്ചു, “അന്തരംഗത്തിൽ ജ്ഞാനത്തെ വെച്ചവനാർ ... ?” (38:36). ഹൃദയത്തിന് വിവേകം നൽകിയത് ആർ? മനുഷ്യന്റെ മനസും ഹൃദയവും ആർക്ക് മനസിലാകും? മനുഷ്യന്റെ ഹൃദയവും, മനസും ഉദ്ദേശവും മനസിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എങ്ങനെ ദൈവത്തിന്റേത് മനസിലാക്കും? ഇയ്യോബ് ദൈവത്തെ വിധിക്കുവാൻ തന്നെ തയ്യാറായിരുന്നു. ദൈവം മറുപടി പറഞ്ഞു, “നീ എന്റെ ഹൃദയത്തെ ദുർബ്ബലപ്പെടുത്തുന്നുമോ? നീ നീതിമാനാകേതിന് എന്നെ കുറ്റം പറയുമോ?” (40:8).

ദൈവം ചോദിച്ചത്, “ഇയ്യോബേ, നിനക്ക് ഇവയിൽ ഏതെങ്കിലും അറിയാമോ? അങ്ങനെയെങ്കിൽ, അവ, നീ ജനിച്ചപ്പോൾ ഉായതുകൊാണോ? അല്ലെങ്കിൽ ഭൂമിയിൽ നീ ദീർഘകാലം ജീവിച്ചതുകൊാണോ നിനക്ക് അറിയുവാൻ കഴിഞ്ഞത്? എന്നത്രേ (38:21 നോക്കുക).

## ഇയ്യോബിന് ബോധ്യമായി (42:1-6)

ദൈവം സംസാരിച്ചപ്പോൾ, അവൻ ഇയ്യോബിന്റെ ശ്രദ്ധ ക്ഷണിച്ചു. ദൈവം സംസാരിക്കുമ്പോൾ ശ്രദ്ധിക്കുന്ന ആളുകളെയാണ് അവന് ആവശ്യം. സർവ്വശക്തനോട് വാദിക്കുന്നതു അഹങ്കാരംകൊാണ്.

ഇപ്പോൾ ഇയ്യോബ് താഴ്ന്നു. രു പ്രാവശ്യം മാത്രം അവൻ മറുപടി പറയുവാൻ തയ്യാറായി. ദൈവം സംസാരിച്ചപ്പോൾ അവൻ താഴ്ന്നതുകൊ് അവൻ ഇത്ര മാത്രമേ പറയുവാൻ കഴിഞ്ഞുള്ളു, “ഞാൻ നിസാരനല്ലൊ, ഞാൻ നിന്നോട് എന്തുത്തരം പറയേു? ഞാൻ കൈകൊ് വായ് പൊത്തിക്കൊള്ളുന്നു. ഒരുവട്ടം ഞാൻ സംസാരിച്ചു, ഇനി ഉത്തരം പറകയില്ല” (40:4, 5). പിന്നെ, അവൻ പറഞ്ഞു, “നിനക്ക് സകലവും കഴിയുമെന്നും, നിന്റെ ഉദ്ദേശം ഒന്നും അസാധ്യമല്ലെന്നും ഞാൻ അറിയുന്നു” (42:2).

ഇയ്യോബ് പ്രകാശിനായിതീർന്നു. അജ്ഞതകൊാണ് താൻ സംസാരിച്ചതെന്ന് അവൻ തിരിച്ചറിഞ്ഞു. അവൻ പറഞ്ഞു, “അറിവുകൂടാതെ ആലോചനയെ മറിച്ചുകളയുവോനിവനാർ? എനിക്ക് അറിഞ്ഞുകൂടാതവണ്ണം അത്ഭുതമേ

റിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി" (42:3). "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമെ കേട്ടിരുന്നുള്ളു, ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു" (42:5).

ഇയ്യോബ് തന്നെത്തന്നെ കു. യെശയ്യാവ് 6:5 ൽ യെശയ്യാവ് പറഞ്ഞതു പോലെ, അവൻ ദൈവത്തെ കപ്പോൾ, തന്നെത്തന്നെ കു. അവൻ പറഞ്ഞു, "ഞാൻ നിസാരനല്ലൊ" (40:4); "അതുകൊ്, എന്നെത്തന്നെ വെറുത്തു, പൊടിയിലും ചാരത്തിലും കിടന്നു അനുതപിച്ചു" (42:6). ദൈവത്തിന്റെ ഉദ്ദേശം നിറവേറപ്പെട്ടു.

**ഉപസംഹാരം**

ഇയ്യോബ് ഒരു നല്ല മനുഷ്യനായി കഴിഞ്ഞിരുന്നു, എന്നാൽ നന്നാകുവാൻ പറ്റാത്തവിധത്തിൽ നല്ലവനായി ആരുമില്ല. അവന്റെ മനോഭാവത്തിൽ വളരെയധികം മാറ്റമുായി. ഇയ്യോബ് നീതീകരിക്കപ്പെട്ടു.

ഇയ്യോബിന്റെ മൂന്നുസ്നേഹിതന്മാരെ ദൈവത്തിനിഷ്ടപ്പെട്ടില്ല, കാരണം അവർ ദൈവത്തെ ശരിയായി പ്രതിനിധീകരിച്ചില്ല (42:7). അവൻ അവരോട് പ്രായശ്ചിത്തബലികൾ അർപ്പിക്കുവാനും അവർക്ക് വേി പ്രാർത്ഥിക്കുവാനും ഇയ്യോബിനോട് ആവശ്യപ്പെടണമെന്നും പറഞ്ഞു (42:8). ദൈവം അവരോട് പറഞ്ഞത് അങ്ങനെതന്നെ അവർ ചെയ്തു. പിന്നെ നാം വായിക്കുന്നു, "... യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു" (42:9).

ദൈവം ഇയ്യോബിനോട് സംസാരിച്ചതു ഗൗരവമായി എടുക്കുന്ന ഏതൊരാൾക്കും ദൈവശക്തിയുടെ തെളിവ് ബോധ്യമാകും. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് എഴുതിയതാണെങ്കിലും, അത് ഇപ്പോഴും ദൈവത്തെക്കുറിച്ചുള്ള ശക്തമായ തെളിവു തന്നെയാണ്. ദൈവം ഇപ്പോഴും പ്രകൃതിയിൽകൂടെ സംസാരിക്കുന്നു്. അവന്റെ സൃഷ്ടിപരമായ ശക്തിയും ബലവും എവിടെത്തിരിഞ്ഞാലും കാണാം. മാറിക്കൊിരിക്കുന്ന കാലാവസ്ഥകൾ. പുഷ്പിക്കുന്ന പുഷ്പങ്ങളും, മൃഗങ്ങളും ചെടികളും പദ്ധതി തയ്യാറാക്കലിന്റെയും രൂപകല്പനയുടേയും തെളിവുകളാണ്. ഇയ്യോബിന്റെ കാലം മുതൽ രൂപകല്പനയുടെ തെളിവുകൾ സ്ഥിരമായി തന്നെ നില്ക്കുന്നു എന്നതു നമ്മെ കൂടുതൽ ബോധ്യമാക്കുന്നു. അവനെ ദൈവത്തിന്റെ ശക്തി ബോധ്യപ്പെടുത്തിയ തെളിവുകൾ ഇന്നും ഇവിടെയു്.